# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിലെ നിക്ഷേപം</u>

456 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സഹകരണ മേഖലയിലെ ആകെ നിക്ഷേപം എത്ര ;

(ബി) സഹകരണ മേഖലയിലെ 31.12.2012-ലെ ആകെ നിക്ഷേപം എത്ര ;

(സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതി</u>

457 ശ്രീ.എം. പി. വിൻസെന്റ്
'' ഷാഫി പറമ്പിൽ
'' എ. പി. അബ്ദുള്ളക്കുട്ടി
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതൊക്കെ സഹകരണ സംഘങ്ങളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് നിക്ഷേപകർക്ക് പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വായ്പാ സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം പഠിക്കാന്‍ നിയോഗിച്ച കമ്മിറ്റി</u>

458 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ വായ്പാ സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം പഠിക്കാന്‍ നിയോഗിച്ച കമ്മിറ്റി പഠനം പൂര്‍ത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കമ്മിറ്റി കണ്ടെത്തിയിട്ടുള്ള പ്രധാന നിരീക്ഷണങ്ങള്‍ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) സംഘങ്ങളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനായി കമ്മിറ്റി നല്‍കിയിട്ടുള്ള ശുപാര്‍ശകള്‍ എന്തെല്ലാം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിലെ നൂതന പദ്ധതികൾ</u>

459 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' വർക്കല കഹാർ
'' സി. പി. മുഹമ്മദ്
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചക്കും പുരോഗതിക്കുമായി എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഉത്തരവുകൾ നടപ്പിലാക്കിയിട്ടുണ്ടോ; പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

2012-2013 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

460 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പുമന്ത്രിയുടെ കീഴിലുള്ള വകുപ്പുകളിൽ 2012, 2013 വർഷത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ പൂർണമായും നടപ്പിലാക്കിയവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

സഹകരണ സ്ഥാപനങ്ങളിൽ സർക്കാർ നോമിനികളുടെ ഭാരവാഹിത്വം

461 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിൽ സർക്കാർ നോമിനികളെ നിയോഗിച്ചിട്ടുണ്ട് ; നോമിനികൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സർക്കാർ നോമിനിയായി നിയോഗിക്കപ്പെട്ടവരിൽ ആരെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ ഭാരവാഹിയായി തുടരുന്നുണ്ടോ ; എങ്കിൽ സ്ഥാപനങ്ങൾ ഏത് ;

(സി) സർക്കാർ നോമിനികൾക്ക് സഹകരണ സ്ഥാപനങ്ങളിൽ ഭാരവാഹിത്വം സംബന്ധിച്ച് നിലവിലുള്ള നിയമ വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത നിയമം എന്നു മുതലാണ് നടപ്പിലാക്കിയത് ; നടപ്പിലാക്കിയതിനു ശേഷം ഏതെങ്കിലും സഹകരണ സ്ഥാപനത്തിൽ ഏതെങ്കിലും സർക്കാർ നോമിനി ഭാരവാഹിയായി തുടരുന്നുണ്ടോ; എങ്കിൽ എവിടെ, എത്ര ദിവസം ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ജില്ലാ സഹകരണ സംഘങ്ങളിലെ ഭരണസമിതികളിലെ നോമിനേഷൻ</u>

462 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജില്ലാ സഹകരണ സംഘങ്ങളുടെ ഭരണസമിതികളിലേക്ക് സർക്കാർ നടത്തിയ നോമിനേഷൻ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഓരോ ജില്ലകളിലും ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽ നിന്നുള്ള ഏതെല്ലാം വ്യക്തികളെ നോമിനേറ്റ് ചെയ്യുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാർഷിക വായ്പാ സംഘങ്ങൾ</u>

463 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിലവിലുണ്ട് ; 2012, 2013 സാമ്പത്തിക വർഷങ്ങളിൽ കാർഷിക വായ്പ സംഘങ്ങൾ നല്കിയ മൊത്തം വായ്പാ തുക എത്ര ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഇതേ കാലയളവിൽ കാർഷിക വായ്പാ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ട മൊത്തം തുക എത്ര കോടി വീതമാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ വിശദാംശം

464 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ വകുപ്പിനു കീഴിൽ നാളിതുവരെ രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണം ജില്ലാ അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ബി) രജിസ്ട്രേഷൻ നിലവിലുള്ളതും പ്രവർത്തനം നിലച്ചുപോയിട്ടുള്ളതുമായ സംഘങ്ങൾ എത്ര വീതമാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(സി) നിലവിൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ള സംഘങ്ങൾ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ലിക്വിഡേഷൻ പ്രോസസിലിരിക്കുന്ന സംഘങ്ങളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ഇ) രജിസ്ട്രേഷൻ നിലവിലുള്ള ഏതൊക്കെ സഹകരണ സംഘങ്ങളിൽ എത്ര വർഷത്തെ ആഡിറ്റ് കുടിശ്ശിക ഉണ്ടെന്ന് വിശദീകരിക്കാമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ</u>

465 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ ഇല്ലാത്ത എത്ര സഹകരണ ബാങ്കുകൾ ഉണ്ട്; വിശദമാക്കുമോ;

(ബി) കാലാവധി കഴിഞ്ഞിട്ടും തെരഞ്ഞെടുപ്പ് നടത്താത്തതിന്റെ പേരിൽ ഈ സർക്കാർ വന്നതിന് ശേഷം എത്ര ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് കോടതി ഉത്തരവിട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് വിശദാംശം

466 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ ഓരോന്നിലും നിലവിലുള്ള അംഗസംഘങ്ങൾ എത്രയാണ്; ആയതിൽ ഇക്കഴിഞ്ഞ ഭരണ സമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിച്ചവ എത്ര; വോട്ടവകാശം ലഭിച്ചിട്ടില്ലാത്തവ എത്ര; ജില്ല തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഇക്കഴിഞ്ഞ ജില്ലാ ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പിൽ ഓരോ ജില്ലയിലും അസ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെയോ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലോ ഉള്ള എത്ര അംഗസംഘങ്ങൾ വോട്ട് അവകാശം വിനിയോഗിക്കുകയുണ്ടായി ; ആയതിൽ ക്രെഡിറ്റ് ഇതര സഹകരണ സംഘങ്ങൾ എത്രയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പ നൽകുന്നതിന് കേന്ദ്ര സർക്കാർ വിലക്ക്</u>

467 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പ നൽകുന്നത് കേന്ദ്രസർക്കാർ വിലക്കിയിട്ടുണ്ടോ;

(ബി) ആയതിന്റെ ഫലമായി കർഷകർക്കുണ്ടാകാൻ പോകുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ബദൽ സംവിധാനങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാര്‍ഷിക വായ്പ നല്‍കുന്നത് വിലക്കിയ കേന്ദ്ര സര്‍ക്കാര്‍ നടപടി</u>

468 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങള്‍ക്ക് കാര്‍ഷിക വായ്പ നല്‍കുന്നത് വിലക്കിയ കേന്ദ്ര സര്‍ക്കാര്‍ നടപടി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തില്‍ സംസ്ഥാന സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(സി) കേരളത്തില്‍ കാര്‍ഷിക മേഖലയേയും, സഹകരണ മേഖലയേയും പൂര്‍ണ്ണമായി തകര്‍ക്കുന്ന ഈ നടപടി പിന്‍വലിക്കുവാന്‍ ഗവണ്‍മെന്റ് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള കാർഷിക വായ്പ

469 ശ്രീ.സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കാർഷിക വായ്പ ഒഴിവാക്കാനും നിയന്ത്രിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കാർഷിക വായ്പ ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങളിലൂടെയുള്ള കാർഷിക വായ്പ</u>

470 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പകൾ നൽകുന്നത് വിലക്കിക്കൊണ്ടുള്ള കേന്ദ്രസർക്കാർ നടപടി കേരളത്തിൽ ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ കർഷകർക്ക് എന്തെല്ലാം സാമ്പത്തിക സഹായമാണ് നൽകി വരുന്നത്;

(സി) 2012-13 വർഷത്തിലെ കണക്കനുസരിച്ച് സഹകരണ സംഘങ്ങളുടെ നിക്ഷേപം എത്ര കോടി രൂപയാണ്;

(ഡി) നിക്ഷേപത്തിന്റെ 20% സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പ നൽകണമെന്ന നിയമം പൂർണ്ണമായും പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങൾ കാർഷിക വായ്പ നൽകുന്നത് വിലക്കിയ ഉത്തരവ്</u>

471 ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളെ കാർഷിക വായ്പ നൽകുന്നത് വിലക്കിയ, കേന്ദ്ര സർക്കാർ ഉത്തരവ് നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുമ്പോൾ കാർഷിക മേഖലയ്ക്കും സഹകരണ മേഖലയ്ക്കും സംഭവിക്കാവുന്ന തകർച്ച വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെ മറികടക്കുവാൻ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പ്രകാശ് ബക്ഷി കമ്മിഷൻ റിപ്പോർട്ട്</u>

472 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. രാജു
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകാശ് ബക്ഷി കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കിയത് സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്നതു സംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പ നൽകുന്ന നടപടി ഈ കമ്മിഷൻ ശുപാർശ പ്രകാരം തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാര്‍ഷിക വായ്പകള്‍ക്ക് മോറട്ടോറിയം</u>

473 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രന്‍
,, ലൂഡി ലൂയിസ്
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ മേഖലയില്‍ കാര്‍ഷിക വായ്പകള്‍ നല്‍കുന്ന ബാങ്കുകള്‍ ഏതൊക്കെ ;

(ബി) അവര്‍ നല്‍കുന്ന ആകെ വായ്പയില്‍ നിശ്ചിത ഭാഗം കാര്‍ഷിക വായ്പകളായിരിക്കണമെന്ന് നിബന്ധനയുണ്ടോ ;

(സി) കാര്‍ഷിക വായ്പകള്‍ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചതുമൂലം തിരിച്ചടവു കുറയുന്നത് ഇതര വായ്പകള്‍ നല്‍കുന്നതിന് തടസ്സമാകുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) മോറട്ടോറിയം പ്രഖ്യാപിച്ചതുമൂലം പലിശയിനത്തില്‍ സഹകരണ ബാങ്കുകള്‍ക്കുണ്ടാകുന്ന നഷ്ടം എത്രയാണ്;

(ഇ) പ്രസ്തുത തുക കാലതാമസം കൂടാതെ ബാങ്കുകള്‍ക്ക് മടക്കി നല്‍കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

സഹകരണ സ്ഥാപനങ്ങൾ നൽകിയ കാർഷിക വായ്പ

474 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ വഴി 2012, 2013 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിൽ നൽകിയ വായ്പകൾ മൊത്തം എത്ര കോടി വീതമാണെന്ന് വെളിപ്പെടുത്താമോ;

(ബി) കാർഷിക വായ്പയ്ക്ക് സഹകരണ സംഘങ്ങൾ ഈടാക്കുന്ന കുറഞ്ഞ പലിശ എത്രയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

സഹകരണ ബാങ്കുകളിലെ വായ്പകളും എ.റ്റി.എം. സംവിധാനവും

475 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത കാർഷിക വായ്പയുടെ പലിശ ഇളവു നൽകുവാൻ സഹകരണ വകുപ്പിന് പ്രത്യേകം ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; വ്യക്തമാക്കാമോ;

(ബി) സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ ലോൺ ഇപ്പോൾ നൽകുന്നുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(സി) സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രധാന തടസ്സം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>വായ്പാ തിരിച്ചടവ്</u>

476 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളും ബാങ്കുകളും നൽകിയിരുന്ന വായ്പകളിലെ കൃത്യമായ തിരിച്ചടവ് കുറഞ്ഞു വരുകയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യമായ വായ്പാ തിരിച്ചടവ് കുറഞ്ഞുവരുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>സഹകരണ രംഗത്തെ പരിഷ്ക്കരണം</u>

477 ശ്രീ.മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വിവിധ ലോണുകൾ കുടിശ്ശികയായിട്ടുള്ളത് തവണകളായി തിരിച്ചടയ്ക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുമ്പോൾ പല സഹകരണ സ്ഥാപനങ്ങളും ആയത് അനുസരിക്കാതെ ഗുണഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നത് തിരുത്തുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സഹകരണരംഗം പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വായ്പാ പലിശയിൽ ഇളവ്</u>

478 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത മാരക രോഗം ബാധിച്ചവരുടേയും, വികലാംഗരുടേയും പലിശ സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വരൾച്ച മൂലം കൃഷി നാശം സംഭവിച്ചവർക്ക് കാർഷിക വായ്പയുടെ കാര്യത്തിൽ ഇളവ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>സഹകരണമേഖലയിലെ ആശുപത്രികൾ</u>

479 ശ്രീ. വർക്കല കഹാർ
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ആശുപത്രികൾ, മെഡിക്കൽ സെന്ററുകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തൊക്കെ കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ആശുപത്രികളിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട വേതന ഘടനയും പ്രവർത്തനാന്തരീക്ഷവും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സഹകരണ മെഡിക്കൽ കോളേജുകൾ ഏറ്റെടുക്കാൻ നടപടി</u>

480 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ ഈ സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) സഹകരണ മെഡിക്കൽ കോളേജുകൾ സർക്കാർ ഏറ്റെടുക്കുന്നതിനെതിരെ ആരുടെയെങ്കിലും പരാതി ലഭ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ</u>

481 ശ്രീ.കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം,കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏറ്റെടുക്കൽ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കൊച്ചി, പരിയാരം മെഡിക്കൽ കോളേജുകളുടെ ആസ്തി-ബാധ്യത</u>

482 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ ആസ്തി, ബാധ്യത എന്നിവ വിശദമാക്കുമോ;

(ബി) പരിയാരം മെഡിക്കൽ കോളേജിന്റെ ആസ്തി, ബാധ്യത എന്നിവ വ്യക്തമാക്കുമോ;

(സി) കൊച്ചി, പരിയാരം മെഡിക്കൽ കോളേജുകൾ സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>സംസ്ഥാന സഹകരണ ബാങ്കിലെ കരാർ നിയമനം</u>

483 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സഹകരണ ബാങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; അവർ ആരൊക്കെയാണ് ഒരു വർഷത്തിനുശേഷം എത്ര പേരുടെ കരാർ നീട്ടിക്കൊടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പുതുതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ</u>

484 പ്രൊഫ.സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആധികാരമേറ്റ ശേഷം നാളിത് വരെ സഹകരണ രജിസ്ട്രാർ എത്ര പുതിയ സഹകരണ സംഘങ്ങൾ ഏതെല്ലാം മേഖലയിൽ എത്ര വീതം രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(ബി) ഓരോ ജില്ലയിലും പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് ലഭിച്ച എത്ര അപേക്ഷകൾ ഇപ്പോൾ പരിഗണനയിലിരിക്കുന്നു; വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പ്രകാശ് ബക്ഷി റിപ്പോർട്ടിന്മേൽ കേരളത്തിന്റെ നിലപാട്</u>

485 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകാശ് ബക്ഷി റിപ്പോർട്ടിന്മേൽ കേരളത്തിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പ നൽകേണ്ടതില്ലെന്ന കേന്ദ്ര സർക്കാർ നിലപാടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

സഹകരണ ബാങ്കുകളിലെ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി

486 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വായ്പകൾ തീർപ്പാക്കി; എന്ത് തുക ലഭിച്ചു; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(സി) കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്കായി എന്തെങ്കിലും പ്രോത്സാഹന പദ്ധതികൾ സഹകരണ മേഖലയിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ, വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസ്</u>

487 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസ് വര്‍ദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍, സിറ്റിംഗ് ഫീസ് വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം

488 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ആക്ഷേപം ഉന്നയിച്ചിട്ടുള്ളത്;

(ബി) സഹകരണ വിജിലൻസ് വിഭാഗം പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ജീവനക്കാരുടെ അനിശ്ചിതകാല സമരവുമായി ബന്ധപ്പെട്ട സസ്പെന്‍ഷന്‍</u>

489 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ജീവനക്കാരുടെ അനിശ്ചിതകാല സമരവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പില്‍ നിന്നും എത്ര ജീവനക്കാരെ സസ്പെന്‍റ് ചെയ്തിട്ടുണ്ട്; അവരില്‍ എത്ര പേരുടെ സസ്പെന്‍ഷന്‍ പിന്‍വലിച്ച് തിരികെ സര്‍വ്വീസില്‍ പ്രവേശിപ്പിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പണിമുടക്കുമായി ബന്ധപ്പെട്ട് സസ്പെന്‍ഷനില്‍ കഴിയുന്ന ജീവനക്കാരെ സസ്പെന്‍ഷന്‍ പിന്‍വലിച്ച് തിരികെ സര്‍വ്വീസില്‍ പ്രവേശിപ്പിച്ചിട്ടില്ലെങ്കില്‍ കാരണം വിശദമാക്കാമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

താല്ക്കാലിക ഡ്രൈവറെ പിരിച്ചുവിട്ട നടപടി

490 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കേപ്പി'ന് കീഴിൽ തൃക്കരിപ്പൂർ എൻജിനീയറിങ് കോളേജിൽ താല്ക്കാലിക ഡ്രൈവറായി വർഷങ്ങളായി സേവനമനുഷ്ടിച്ച ജീവനക്കാരനെ പിരിച്ചുവിടാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരനു പകരം ആളെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏതു മാനദണ്ഡപ്രകാരമാണ് നിയമിച്ചത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>മരണം, മാരകരോഗം എന്നിവ മൂലമുള്ള വായ്പാ ഇളവ്</u>

491 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തശേഷം മരണപ്പെടുന്നവരുടെ വായ്പകളിൽ ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ആയതുപ്രകാരം എന്തെല്ലാം ഇളവുകളാണ് ലഭ്യമാകുന്നത്; വിശദമാക്കാമോ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത ശേഷം മാരകരോഗം ബാധിച്ചവർക്ക് ഏതെല്ലാം തരത്തിലുള്ള ഇളവ് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാര്‍ഷികേതര സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷന്‍</u>

492 ശ്രീമതി. ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവിലുളള കാര്‍ഷികേതര സഹകരണ സംഘങ്ങള്‍ തുടര്‍ന്നു പ്രവര്‍ത്തിക്കുന്നതിന് പുതിയതായി പ്രത്യേകമായി രജിസ്റ്റര്‍ ചെയ്യണമെന്ന വകുപ്പുതല നിര്‍ദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കില്‍ ഈ ഗണത്തില്‍പെടുന്ന എല്ലാ സംഘങ്ങളും ഇതിനകം രജിസ്ട്രേഷന്‍ നടപടികള്‍ പൂര്‍ത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ രജിസ്ട്രേഷന് സമയം ദീര്‍ഘിപ്പിച്ചു നല്‍കുമോ;

(ബി) രജിസ്ട്രേഷന്‍ നടപടികള്‍ പൂര്‍ത്തിയാക്കാത്ത കാര്‍ഷികേതര സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം തടസ്സപ്പെടുമോ; എങ്കില്‍ അത് ഏതെല്ലാം വിധത്തിലെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>റിസ്ക് ഫണ്ട് പദ്ധതിയുടെ വിശദാംശം</u>

493 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ വിവിധ ബാങ്കുകൾക്ക് റിസ്ക് ഫണ്ട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ആയതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഉത്തരവുകളുടെ വെളിച്ചത്തിൽ ഇതിനകം എന്തു തുക സഹകാരികൾക്കുവേണ്ടി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>റിസ്ക് ഫണ്ട് പദ്ധതി</u>

494 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തവരെ സഹായിക്കാനുള്ള റിസ്ക് ഫണ്ട് പദ്ധതി ഏതു വർഷം മുതലാണ് നിലവിൽ വന്നത്; വ്യക്തമാക്കുമോ;

(ബി) ആയതിനായി സഹകരണ സംഘങ്ങളുടെ ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കുമോ;

(സി) റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നതിനു ശേഷവും ആയതിൽ ചേരാതെവന്നിട്ടുള്ള ബാങ്കുകളിലെ വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പക്കാരന് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുവാൻ എന്തു നടപടിയാണ് സ്വീകരിക്കേണ്ടത്; വിശദമാക്കുമോ;

(ഡി) ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന്റെ അവകാശികൾക്ക് ലഭിക്കാതെ വന്നാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) ബാങ്കുകളുടെ അനാസ്ഥമൂലം ഈ രീതിയിൽ ആനുകൂല്യം ലഭിക്കാതെ വന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ജില്ലാ സഹകരണ ബാങ്കുകളിലെ നിക്ഷേപം

495 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ 2013 മാർച്ച് 31-ന് ഉണ്ടായിരുന്ന മൊത്തം നിക്ഷേപ തുക എത്രയായിരുന്നു; ഇതിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ മാത്രം നിക്ഷേപം എത്രയായിരുന്നു; വായ്പ ഇതര പ്രാഥമിക സംഘങ്ങളുടെ നിക്ഷേപം എത്രയായിരുന്നു; ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ജില്ലാ സഹകരണ സംഘങ്ങളിൽ വോട്ടവകാശമുളള അംഗത്വം ലഭിച്ചിട്ടുളള വായ്പാ ഇതര പ്രാഥമിക സംഘങ്ങൾ എത്ര; വായ്പാ സംഘങ്ങൾ എത്ര;

(സി) വായ്പാ ഇതര സഹകരണ സംഘങ്ങളുടെ സർപ്ളസ് ഫണ്ട് ജില്ലാ സഹകരണ ബാങ്കിൽതന്നെ നിക്ഷേപിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളുടെ സംഭാവന സ്വീകരിക്കൽ</u>

496 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളുടെ കോമൺ ഗുഡ് ഫണ്ടിൽ നിന്നോ ലാഭത്തിൽ നിന്നോ മറ്റോ സംഭാവന സ്വീകരിക്കുന്നതിന്, സംസ്ഥാനത്തെ ഏതെങ്കിലും സ്ഥാപനത്തിന് സർക്കാരോ സഹകരണ രജിസ്ട്രാറോ പെർമിസീവ് സാംങ്ഷൻ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ എത്ര; ഏതെല്ലാം സ്ഥാപനങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടിയായിരുന്നു; വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ജില്ലാ സഹകരണ ബാങ്കുകളിലെ ശമ്പള പരിഷ്കരണത്തിലെ അപാകത

497 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര ജില്ലാ സഹകരണ ബാങ്കുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നു;

(ബി) 2007-ൽ ജില്ലാ സഹകരണ ബാങ്കുകളിൽ നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) 2007-ലെ ശമ്പള പരിഷ്കരണം പ്രകാരം ജീവനക്കാർ പുതിയ സ്കെയിലിൽ അധിക ഡി.എ. വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം അധിക ഡി.എ. ശമ്പളത്തിൽ ലയിപ്പിച്ചിട്ടുള്ളതും പഴയ ഡി.എ. യും ചേർത്ത് കോടിക്കണക്കിന് രൂപ ജീവനക്കാർ അധികം കൈപ്പറ്റിയത് എത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്;

(ഡി) ജില്ലാ സഹകരണ ബാങ്കിലെ ശമ്പള പരിഷ്കരണത്തിലെ ഗുരുതരമായ വീഴ്ചകൾ പരിഹരിക്കുന്നതിനായി എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>നെല്‍കൃഷിക്കായുള്ള പലിശരഹിത വായ്പകള്‍</u>

498 ശ്രീ. ജോസഫ് വാഴക്കന്‍
,, വി. റ്റി. ബല്‍റാം
,, എ. റ്റി. ജോര്‍ജ്
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ ബാങ്കുകള്‍ വഴി നല്‍കുന്ന നെല്‍കൃഷിക്കുള്ള കാര്‍ഷിക വായ്പകള്‍ പൂര്‍ണ്ണമായും പലിശരഹിതമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങള്‍ എന്തൊക്കെ ;

(ബി) കഴിഞ്ഞ സാമ്പത്തിക വര്‍ഷം ബാങ്കുകള്‍ക്ക് സംസ്ഥാന സര്‍ക്കാര്‍ എന്ത് തുക നല്‍കിയിട്ടുണ്ട് ; വിശദാംശങ്ങള്‍ എന്തൊക്കെ ;

(സി) കര്‍ഷകര്‍ക്കുള്ള പലിശരഹിത വായ്പ യഥാസമയം നല്‍കുന്ന ബാങ്കുകള്‍ക്ക് അര്‍ഹമായ തുക അപ്പപ്പോള്‍ തന്നെ കൊടുക്കുന്നതിന് ആവശ്യമായ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

സഹകരണ ആഡിറ്റ് സംവിധാനം

499 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം സഹകരണ സംഘങ്ങളുടെ ആഡിറ്റിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുളളത്; ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ ആഡിറ്റ് സംവിധാനത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സഹകരണ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങളിൽ ആഡിറ്റ് കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് സമകാലമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>എന്റെ ഗ്രാമം തൊഴിൽദാന പദ്ധതി</u>

500 ശ്രീ.വി. റ്റി. ബൽറാം
'' ആർ. സെൽവരാജ്
'' ഡൊമിനിക് പ്രസന്റേഷൻ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിലുള്ള എന്റെ ഗ്രാമം തൊഴിൽ ദാന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി അനുസരിച്ച് ഏതെല്ലാം വിഭാഗക്കാർക്കാണ് സഹായം ലഭിക്കുന്നത്;

(ഡി) പദ്ധതി അനുസരിച്ചുള്ള സബ്സിഡികളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കരമനയാറ്റിലെ മാലിന്യം സംബന്ധിച്ച അന്വേഷണം

501 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുവല്ലം പരശുരാമക്ഷേത്രത്തിനു സമീപത്തു കൂടി ഒഴുകുന്ന കരമനയാറ്റിൽ 2013 ഏപ്രിൽ മാസത്തിൽ, മാലിന്യങ്ങൾ അടിഞ്ഞു കൂടിയത് കാരണം, പതിനായിരക്കണക്കിനു മത്സ്യങ്ങൾ ചത്തുപൊങ്ങിയത് സംസ്ഥാന മലിനീകരണ നിയന്ത്രണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം</u>

502 ശ്രീ.തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലിലെയും കുട്ടനാട്ടിലെ നദികളിലെയും ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിന് മലിനീകരണ നിയന്ത്രണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) മലിനീകരണം വിലയിരുത്തുന്നതിനായുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കുട്ടനാട്ടിലെ നീലംപേരൂരിൽ ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?